പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2408 09-12-2014-ൽ മറുപടിയ്ക്ക്

ബാറുകളും ഔട്ട്‌ലെറ്റുകളും അടച്ചുപൂട്ടിയതുമൂലമുള്ള വരുമാനനഷ്ടം

ചോദ്യം: ഉത്തരം:

ശ്രീ. പി.കെ.ഗുരുദാസൻ

ശ്രീ. കെ.എം. മാണി
(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അബ്കാരി നയം പൂർണ്ണമായി നടപ്പിലാകുമ്പോൾ പ്രതിവർഷം കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനത്തിലുണ്ടാകുന്ന കുറവ് എത്ര കോടിയായിരിക്കും ? | (എ) | അബ്കാരി നയം പൂർണ്ണമായി നടപ്പിലാകുമ്പോൾ സംസ്ഥാനത്തെ ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് മദ്യ വ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ പ്രതിവർഷം ലൈസൻസ് ഫീസിനത്തിൽ 165.37 കോടി രൂപയുടേയും, ടി ബാർ ലൈസൻസുകളിൽ നിന്നും പിഴയിനത്തിൽ ലഭിച്ചിരുന്ന വരുമാനവും നഷ്ടമാകും. പ്രതിവർഷം 10% കെ.എസ്.ബി.സി ഔട്ട്‌ലെറ്റുകൾ നിർത്തലാക്കുന്നതു വഴി ലൈസൻസ് ഫീസിനത്തിൽ 24.57 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകും. 2014 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി 2014-15 സാമ്പത്തിക വർഷത്തെ മദ്യ നയം പ്രഖ്യാപിച്ചതോടുകൂടി 2014 സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ വിൽപ്പനയിൽ 2013-ലെ ഇതേ മാസങ്ങളിലെ വിൽപ്പനയേക്കാൾ കുറവു വന്നിട്ടുണ്ട്. എക്സൈസ് വരുമാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടി മദ്യത്തിന്റെ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ എക്സൈസ് വരുമാനത്തിൽ കുറവു പ്രതീക്ഷിക്കുന്നുണ്ട്. കൃത്യമായ കണക്ക് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.